ബിരുദധാരികളെ പ്രൊഫഷണൽ ഗുണങ്ങളുള്ളവരാക്കി മാറ്റുന്നതിന് നവീന പദ്ധതി

22 (*142) ശ്രീ. എൻ. രാജൻ :
ശ്രീ പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബിരുദധാരികളെ പ്രൊഫഷണൽ ഗുണങ്ങളുള്ളവരാക്കി മാറ്റുന്നതിന് ഒരു നവീന പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) ഈ പദ്ധതിയിൽ എന്തെല്ലാമാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഈ പദ്ധതിയിലൂടെ നടത്തുന്ന പരീക്ഷയുടെ മാർക്ക് മാനദണ്ഡമായി എടുത്ത് നിയമനങ്ങൾ ലഭിക്കാൻ സാദ്ധ്യതയുണ്ടോ ;

(ഡി) ഈ കോഴ്സിന് ഫീസ് ഏർപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ;

(ഇ) ഈ പദ്ധതി പ്രകാരമുള്ള പരീക്ഷകൾ നടത്തുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളത് ആരെയാണെന്ന് വെളിപ്പെടുത്തുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) :

(എ) പരിഗണനയിലുണ്ട്.

(ബി) തീരുമാനമെടുത്തിട്ടില്ല.

(സി) ഇപ്പോൾ പറയാൻ കഴിയില്ല.

(ഡി) ഫീസ് സംബന്ധിച്ച തീരുമാനമൊന്നും ആയിട്ടില്ല.

(ഇ) പല ഏജൻസികൾ ഉണ്ടാവും. അന്തിമ തീരുമാനം എടുത്തിട്ടില്ല.

സ്വകാര്യ കോളേജദ്ധ്യാപകരുടെ രാഷ്ട്രീയ സ്വാതന്ത്ര്യം

23 (*143) ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. സി മമ്മൂട്ടി :
ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ കോളേജ് അദ്ധ്യാപകരുടെ രാഷ്ട്രീയ സ്വാതന്ത്ര്യം എടുത്തുമാറ്റുന്നതിനെ സംബന്ധിച്ച് ആലോചിക്കുന്നുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് തീരുമാനങ്ങൾ എടുത്തിട്ടുണ്ടോ .

(സി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) :

(എ) ആലോചിച്ചിട്ടില്ല.

(ബി) ആലോചിച്ചിട്ടില്ല.

(സി) ആലോചിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly